കൂട്ടമായി അറസ്റ്റ് ചെയ്തുകൊണ്ടുപോകുന്ന ആളുകളെ കോൺഗ്രസ്സ് (ഐ) യുടെ ഓഫീസിൽ നിന്ന് വിളിച്ച് പറഞ്ഞ് ജാമ്യത്തിലിറക്കുകയാണ്. ആർ. എസ്. എസ്സും പോലീസും കോൺഗ്രസ് (ഐ) യും ചേർന്നു കൊണ്ടു നടത്തുന്ന രാഷ്ട്രീയ കളികളാണ് ഇത്. തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി, ഭരണകക്ഷിക്ക് അനുകൂലമായി നിയോജകമണ്ഡലത്തെ ഒരുക്കിയെടുക്കാൻ വേണ്ടി രാഷ്ട്രീയ ഗൂഢാലോചനയും കളളക്കളിയും നടത്തുകയാണ്. അവിടുത്തെ ജനപ്രതിനിധിയായ എനിക്ക് പോലും ആ മണ്ഡലത്തിലെ ജനങ്ങളെ ആശ്വസിപ്പിക്കാനും സമാധാനിപ്പിക്കാനും കഴിയാത്ത സ്ഥിതിയാണ് അവിടെ ആർ. എസ്. എസ്സും പോലീസുംകൂടി സൃഷ്ടിച്ചിരിക്കുന്നത്. ഈ പ്രശ്നം വച്ചുകൊണ്ട് നൂറനാട്ടും ചുനക്കര പ്രദേശത്തും പോലീസ് ഭീകര അന്തരീക്ഷം സൃഷ്ടിക്കുകയും ആളുകളെ അറസ്റ്റ് ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അവിടെ ഭീകര അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി പ്രവർത്തനത്തേയും കർഷകതൊഴിലാളി പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തേയും തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അവിടുത്തെ തൊഴിലാളികളെയും സാധാരണക്കാരെയും അടിച്ച് ഓടിച്ചിട്ട് ക്രൂരമായ മർദ്ദനം നടത്തുകയും നൂറുകണക്കിന് ആളുകളെ കളളക്കേസുകളിൽ കുടുക്കുകയുമാണ്. കുറവാളികൾ ആർ. എസ്. എസ്സുകാരാണ്. പേരിന് ആർ. എസ്. എസ്സുകാരെയും അറസ്റ്റ് ചെയ്യുന്നുണ്ട്. ആർ. എസ്. എസ്സിന്റെ ആക്രമണ നീക്കത്തെ സംബന്ധിച്ച് നേരത്തെ ഞാൻ ബന്ധപ്പെട്ട പോലീസ് അധികൃതരെ അറിയിച്ചിട്ടുള്ളതാണ്. പോലീസിനെ രാഷ്ട്രീയക്കളിയിൽ നിന്ന് പിൻതിരിപ്പിച്ച് അവിടെ സമാധാന അന്തരീക്ഷം സൃഷ്ടിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ മാവേലിക്കരയിലും പരിസരങ്ങളിലും ഏതാനും ദിവസങ്ങളായി മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകരും കോൺഗ്രസ്സിന്റെ പ്രവർത്തകരും തമ്മിൽ സംഘട്ടനങ്ങളും, കയ്യേറ്റങ്ങളും, വിമർശനങ്ങളും നടന്നുവരികയാണ്. ഒക്ടോബർ 13-ാം തീയതി ഒരു സംഭവമുണ്ടായി. അവിടുത്തെ മുൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന മാർക്സിസ്റ്റുകാരനായ മുരളിയെ ആർ. എസ്. എസ്സുകാർ ആക്ഷേപിക്കുകയും അദ്ദേഹത്തെ ആക്രമിക്കാൻ മുതിരുകയും ചെയ്തു. അതിനെത്തുടർന്ന് മാർക്സിസ്റ്റുകാരും ആർ. എസ്. എസ്സുകാരും തമ്മിൽ ആക്രമിക്കാൻ തുടങ്ങി. അങ്ങനെ രണ്ടു വിഭാഗങ്ങളും തമ്മിലുള്ള അസ്വസ്ഥത അവിടെ നിലനിൽക്കുന്നുണ്ട്. അത് ഒഴിവാക്കാൻ വേണ്ടി ഡി. വൈ. എസ്. പി. യുടെ നേതൃത്വത്തിൽ ഒരു പോലീസ് പാർട്ടി ആ പ്രദേശത്തിന്റെ പ്രത്യേക ചുമതല വഹിക്കുന്നുണ്ട്. യാതൊരു വിധത്തിലുള്ള അനിഷ്ടസംഭവങ്ങളും ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(2) ബാംബൂ കോർപ്പറേഷൻ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എം. വി. മാണി : സർ, അങ്കമാലി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ബാംബു കോർപ്പറേഷന്റെ കീഴിലുള്ള ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് കൂലി കൂടുതൽ കൊടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധ പതിപ്പിക്കാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അങ്കമാലി-പെരുമ്പാവൂർ മേഖലകളിലെ പതിനയ്യായിരത്തോളം കുടുംബങ്ങൾ ബാംബു കോർപ്പറേഷന്റെ കീഴിൽ വിവിധതരം ജോലികൾ ചെയ്തു ജീവിക്കുന്നുണ്ട്. പ്രധാനമായും പനമ്പുനെയ്ത്തുമായി ബന്ധപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് പനമ്പിന് കിട്ടുന്ന വില വളരെ അപര്യാപ്തമാണ്. സഹകരണസംഘങ്ങൾ 5,3 ഇനം പനമ്പിന് ഏതാണ്ട്

LIBRARY ARCHIVES Kerala Legislative Assembly

5 രൂപ കൊടുക്കുമ്പോഴും ബാംബൂ കോർപ്പറേഷൻ കൊടുക്കുന്നത് 2.25 രൂപയാണ്. ബാംബൂ കോർപ്പറേഷന്റെ ഡിപ്പോയിൽ നിന്ന് വിലവച്ച് ഈറ കൊണ്ടുപോയി പനമ്പ് തിരികെ കൊണ്ടുവന്നുകൊടുക്കും. ഈറയുടെ വില കുറച്ചുകഴിഞ്ഞാൽ അവർക്ക് കിട്ടുന്നത് വളരെ തുച്ഛമായ ഒരു വരുമാനമാണ്. രണ്ടുവർഷം മുൻപ് ഈ ഗവൺമെന്റ് തന്നെ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് പനമ്പിന്റെ വില മുപ്പതുശതമാനം വർദ്ധിപ്പിച്ചു എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഇന്ന് പനമ്പിന് പുറത്തു വളരെയധികം ഡിമാൻഡ് ഉണ്ട്. സഹകരണകച്ചവടക്കാർ കൂടിയ വിലയ്ക്ക് പനമ്പ് എടുക്കുന്നുണ്ട്. അതുകൊണ്ട് കോർപ്പറേഷന്റെ പ്രവർത്തനം തന്നെ മുന്നോട്ടുകൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ട്. പാവപ്പെട്ട തൊഴിലാളികൾക്ക് ഈറയുടെ വില കഴിച്ച് ബാക്കി കാര്യമായൊന്നും കിട്ടുന്നില്ല എന്നുള്ളതാണ് വാസ്തവമാണ്. തൊഴിലാളികൾ വനങ്ങളിൽ കാട്ടുമൃഗങ്ങളുടെ ശല്യവും മറ്റ് പ്രതിസന്ധികളും അതിജീവിച്ചുകൊണ്ടാണ് ഈറ വെട്ടുന്നത്. അവർക്ക് കിട്ടുന്നത് പത്തു രൂപയാണ്. ഇത് വർദ്ധിപ്പിക്കണം. അതിനെ സംബന്ധിച്ച് ഞാനും ശ്രീ. പി. പി. തങ്കച്ചനും പല പ്രാവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് തൊഴിലാളികൾക്ക് കൂലി കൂടുതൽ കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കണം. അങ്ങനെ തൊഴിലാളികളെ രക്ഷിക്കുകയും വേണം.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച സമരം വളരെ നിർഭാഗ്യകരമാണെന്ന് പറയുകയാണ്. ബഹുമാനപ്പെട്ട മാണിക്കും ശ്രീ. തങ്കച്ചനും ഇതിന്റെ പ്രശ്നങ്ങൾ അറിയാം. ഗവൺമെന്റ് പലതും അവർക്കുവേണ്ടി ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ഗവൺമെന്റ് ഏറ്റവുമധികം ആനുകൂല്യങ്ങൾ നൽകിയത് ഈ വിഭാഗത്തിനാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് പനമ്പിന്റെ വില 53 ശതമാനമായി വർദ്ധിപ്പിച്ചത്. തൊഴിലാളികളുടെ കൂലി 40 ശതമാനം വർദ്ധിപ്പിച്ചു. ബോണസിനു പകരമുള്ള ഇൻസെന്റീവ് എട്ടര ശതമാനമെന്നത് ഒൻപത് ശതമാനമായി വർദ്ധിപ്പിച്ചു. ഇക്കൊല്ലം തൊഴിലാളികൾക്ക് ബോണസ് നൽകുവാൻ 18 ലക്ഷം രൂപ ഗവൺമെന്റ് കോർപ്പറേഷന് കടമായി നൽകി. ആയിരം ഈറയ്ക്ക് 25 രൂപയെന്ന നിലയിൽ ഗവൺമെന്റ് ഈടാക്കിക്കൊണ്ടിരുന്ന സീനിയറേജ് വേണ്ട എന്നുവച്ചു. ഈറയുടെ അലോട്ടുമെന്റ് ഇരുപതിനായിരത്തിൽ നിന്ന് ഇരുപത്തിഅയ്യായിരമാക്കി കൂട്ടാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും അനുവാദം കിട്ടി. 17 ഡിപ്പോകൾ പുതുതായി രൂപീകരിച്ചു. 2400 പായ് നെയ്ത്തുകാർ ഉൾപ്പെടെ 3500 കുടുംബങ്ങളെകൂടി കോർപ്പറേഷന്റെ പരിധിയിൽ കൊണ്ടുവന്ന് അവർക്കെല്ലാം ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കി. തൊഴിലാളികൾക്ക് നൂറ് വീടുകൾ നിർമ്മിക്കാൻ ഏർപ്പാട് ചെയ്തു. 3-8-1986-ൽ നടന്ന ചർച്ചയിൽതന്നെ പീസ്റേറർ ഡിപ്പോ വർക്കേഴ്സിന്റെ വേജസ് 35 ശതമാനം കൂട്ടാനും റെഗുലർ കൂലീസിന്റെ വേതനം ഏറ്റവും കുറഞ്ഞത് 5 രൂപയാക്കാനും തീരുമാനിച്ചു. റിക്കവറബിൾ ഫിനാൻസായി 250 രൂപയും 150 രൂപയും ഓരോ ലവലിലും കൊടുക്കാൻ തീരുമാനിച്ചു. മിനിമം വേജസും മിനിമം വർക്കിംഗ് വേജസ് ബെനിഫിറർസും കൂട്ടണമെന്നുള്ള ആവശ്യം അംഗീകരിക്കാൻ കഴിയാത്തതിന്റെ കാരണം മനസ്സിലാക്കിക്കൊടുത്തിട്ടും സമരം തുടങ്ങിയത് നിർഭാഗ്യകരമാണ്. എന്തായാലും ബഹുമാനപ്പെട്ട മാണിയും, തങ്കച്ചനും പറഞ്ഞതിനെത്തുടർന്ന് ഈ 23-ാം തീയതി എറണാകുളത്തുവച്ച് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുകൂട്ടുകയാണ്. അതിൽവച്ച് രമ്യമായി ഈ പ്രശ്നം പരിഹരിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ ഗവൺമെന്റുമായി സഹകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly